"ഭരണഭാഷ-മാതൃഭാഷ"

തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ കാര്യാലയം
(ലോക്കൽ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് &
എഞ്ചിനീയറിംഗ് വിംഗ്)
റവന്യൂ കോംപ്ലക്സ്, മൂന്നാം നില
പബ്ലിക് ഓഫീസ് ബിൽഡിംഗ്
തിരുവനന്തപുരം-33

Phone: 0471-2324951
0471-2325071
Tele Fax: 0471-2324951
e-mail: celsgd@gmail.com
Website: www.celsgd.kerala.gov.in

നം. DB1/3688/2021/സി.ഇ/ത.സ്വ.ഭ.വ

തീയതി: 24.09.2021

## പരിപത്രം

വിഷയം:- ത.സ്വ.ഭ.വ (L.I.D & E.W) - DSR 2016 പ്രകാരം എസ്റ്റിമേറ്റ് തയ്യാറാക്കാനും അതോടൊപ്പം 10 % വരെ ടെണ്ടർ അധിക നിരക്ക് നൽകാനും അനുമതി നൽകിയത് - പൊതുവായ നിർദ്ദേശങ്ങൾ ഉൾക്കൊള്ളിക്കുന്നത് - സംബന്ധിച്ച്.

സൂചന:- 1) സ.ഉ (പി) നം. 114/2021/ധന, തീയതി 13.08.2021.
2) സ.ഉ (സാധാ) നം. 1778/2021/തസ്വഭവ, തീയതി 16.09.2021.

സൂചന (1) സർക്കാർ ഉത്തരവ് പ്രകാരം 2021 ആഗസ്റ്റ് 15 മുതൽ DSR 2018 നടപ്പിലാക്കുന്നതിന് ഉത്തരവ് പുറപ്പെടുവിച്ചു. എന്നാൽ തദ്ദേശ സ്വയംഭരണ വകുപ്പിനെ സംബന്ധിച്ചിടത്തോളം സാമ്പത്തിക വർഷത്തിന്റെ മദ്ധ്യത്തിലുള്ള DSR പരിഷ്കാരം പദ്ധതിപ്രവർത്തനങ്ങളെ ആകെ അവതാളത്തിലാക്കുമെന്നതിനാലും, എല്ലാ പദ്ധതികളും സാങ്കേതികാനുമതി നൽകി ടെണ്ടർ ചെയ്യാത്തവ ഉൾപ്പെടെ പുനഃക്രമീകരിക്കേണ്ടി വരുമെന്നതിനാലും, കോൺട്രാക്ടർമാർക്ക് സ്വാഭാവിക നീതി നിഷേധിക്കരുത് എന്നതിനാലും ടെണ്ടർ വർദ്ധനവ് നൽകുന്നതാണ് ഉചിതം. ആയതിന് ആവശ്യമായ തുക ടെണ്ടർ സേവിംഗ്സിലൂടെയോ പദ്ധതി റിവിഷനിലൂടെയോ കണ്ടെത്താനാവും. സ്വാഭാവികമായും DSR നിരക്ക് വർദ്ധനവിന് ഒരു മാസമെങ്കിലും താമസം പ്രതീക്ഷിച്ചിരുന്നു. ആയത് പ്രകാരം തദ്ദേശ സ്വയംഭരണ വകുപ്പിലും സമാന വകുപ്പുകളിലെപ്പോലെ 10% വരെയെങ്കിലും നിരക്ക് വർദ്ധനവ് അനുവദിച്ച് ഉത്തരവ് ഉണ്ടാകണമെന്ന് സർക്കാരിനോട് അഭ്യർത്ഥിച്ചത് പ്രകാരം സൂചന (2) സർക്കാർ ഉത്തരവ് പ്രകാരം DSR 2016 -നോടൊപ്പം 10% നിരക്ക് വർദ്ധനവ് അനുവദിച്ച് ഉത്തരവ് ആയിരിക്കുകയാണ്. ആയതിന്റെ അടിസ്ഥാനത്തിൽ മേൽ സർക്കാർ ഉത്തരവിൽ തുടർ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി 18.09.2021, 23.09.2021 തീയതികളിൽ സൂപ്രണ്ടിംഗ് എഞ്ചിനീയർമാരുടെയും എക്സിക്യൂട്ടീവ് എഞ്ചിനീയർമാരുടെയും മീറ്റിംഗ്

നടത്തുകയും ഉത്തരവ് തദ്ദേശസ്വയംഭരണ വകുപ്പിൽ നടപ്പിലാക്കുന്നതിന്റെ പ്രായോഗിക വശങ്ങൾ ചർച്ച ചെയ്യുകയുമുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിൽ താഴെ പറയുന്ന തീരുമാനങ്ങൾ എടുക്കുകയുണ്ടായി. ഇത് പ്രകാരം തുടർപ്രവർത്തനങ്ങൾ സ്വീകരിക്കേണ്ടതാണ്.

1) പ്രതീക്ഷിക്കുന്ന ടെൻഡർ വർദ്ധനവ് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്താവുന്നതാണ്.

2) പദ്ധതി വിഹിതത്തിന് ഉപരിയായി ടെണ്ടർ തുക വരുന്ന ഘട്ടത്തിൽ ടി ബാധ്യത ഭരണസമിതിയെ രേഖാമൂലം അറിയിക്കേണ്ടതും, ആയത് ക്രമീകരിക്കുന്നതിനുള്ള തീരുമാനം ഉൾപ്പെടെ വാങ്ങി എഗ്രിമെന്റ് നടപടികളുമായി മുന്നോട്ട് പോകാവുന്നതുമാണ്.

3) ഏറ്റവും അടുത്ത ഘട്ടത്തിൽ തന്നെ മേൽ ബാധ്യത ക്രമീകരിക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളേണ്ടതാണ്.

4) ഉത്തരവ് പ്രകാരം 10% വരെയുള്ള ടെണ്ടർ അധിക നിരക്ക് പ്രാദേശിക വിപണിനിരക്കിന് വിധേയമായി അനുവദിക്കുന്നതിനുള്ള അധികാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കാണ്. നിലവിലെ പ്രാദേശിക നിരക്ക് പൊതുവായി പരിശോധിച്ചതിൽ നിർമ്മാണ പ്രവൃത്തികൾക്ക് 10% വരെ അധിക നിരക്ക് അനുവദിക്കുന്നതിന് തടസ്സമില്ല. എന്നാൽ ചില ജില്ലകളിൽ LMR നിരക്ക്, DSR+10% നിരക്കിനേക്കാൾ കുറവായി കാണുന്നു. ആയതിനാൽ പ്രവൃത്തികളുടെ ബാഹുല്യം കണക്കാക്കിയും, കാലതാമസം ഒഴിവാക്കുന്നതിനുമായി പ്രാദേശിക നിരക്കുകൾ പരിശോധിച്ചും ജില്ലാതലത്തിൽ എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ പൊതുവായ മാർഗ്ഗരേഖ / നിബന്ധന തയ്യാറാക്കി പ്രസിദ്ധീകരിക്കേണ്ടതാണ്. ആയതു പ്രകാരം 15 ലക്ഷം രൂപ വരെയുള്ള പ്രവൃത്തികൾക്ക് എക്സിക്യൂട്ടീവ് എഞ്ചിനീയർ തലത്തിലും 15 ലക്ഷം മുതൽ 1 കോടി വരെയുള്ള പ്രവൃത്തികൾ സൂപ്രണ്ടിംഗ് എഞ്ചിനീയർ തലത്തിലും 1 കോടി രൂപയ്ക്ക് മുകളിലുള്ള പ്രവൃത്തികൾ ചീഫ് എഞ്ചിനീയർ തലത്തിലുമുള്ള കമ്മിറ്റി അനുമതി നൽകേണ്ടതാണ്.

5) നിലവിലെ DSR പ്രകാരം 2021 ഒക്ടോബർ 31-ന് മുൻപായി സാങ്കേതികാനുമതി നടപടികൾ പൂർത്തീകരിക്കേണ്ടതാണ്.

ചീഫ് എഞ്ചിനീയർ

Sr/-